# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5695 | 29.07.2015 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ.റഹീം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും ഓരോ സൈബർ സെല്ലുകളും കൂടാതെ പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് സെല്ലും പ്രവർത്തിച്ച വരുന്നു. ഇതിനു പുറമെ കേരളത്തിൽ ADGP Crimes & SP, OCW-1 ന്റെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ കൂടുതൽ സാങ്കേതിക വിദ്യ ആവശ്യമുള്ള Internet മുഖേനയുള്ള തട്ടിപ്പുകേസുകൾ Cyber Check Suit, Winlift, True Imager, Sim Extractor, Mobile Check Suit, Net Force Suit, Encase എന്നീ Cyber Forensic hardware/software Tools എന്നിവ പ്രയോജനപ്പെടുത്തിയും അന്വേഷിച്ചു വരുന്നു. കൂടാതെ പോലീസ് സ്റ്റേഷനുകളിലും മറ്റും രജിസ്റ്റർ ചെയ്യപ്പെടുന്ന Internet ഉപയോഗിച്ചുള്ള തട്ടിപ്പുകേസുകൾ അതാത് ജില്ലാ സൈബർ സെല്ലുകളുടെ സഹായത്തോടെ അന്വേഷണം നടത്തിവരുന്നു. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കരിക്കാൻ വേണ്ടി സൈബർ പോലീസ് സ്റ്റേഷനിൽ നിന്നും ബോധവൽക്കരണ പരിപാടികൾ സ്കൂൾ, കോളേജുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ പരിപാടികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ തരത്തിലുള്ള സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നടത്തിവരുന്നു. |
| (ബി) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സോഷ്യൽ മീഡിയ വഴിയുള്ള അഭിപ്രായ സ്വാതന്ത്ര്യം നിയന്ത്രിക്കുന്നതിന് പുതിയ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ